**<u>15 -ാം കേരള നിയമസഭ</u>**

**<u>12 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 135</u>** **<u>07-10-2024 - ൽ മറുപടിയ്ക്ക്</u>**

**<u>സ്റ്റുഡന്റ് പോലീസ് കേഡറ്റ്സ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടി</u>**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കൂടുതൽ സർക്കാർ എയ്ഡഡ് ഹൈസ്കൂളുകളിൽ എസ്.പി.സി. അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ നടപടികളുടെ പുരോഗതി അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് കൂടുതൽ സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് അനുവദിക്കുന്നതിനായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതും അതിൻ പ്രകാരം ലഭിച്ച അപേക്ഷകൾ ക്രോഡീകരിച്ച് വിശദമായ പരിശോധനകൾ നടന്ന് വരുന്നതുമാണ്. |
| (ബി) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട ഭൂരിഭാഗം വിദ്യാർത്ഥികളും പഠിക്കുന്ന വിദ്യാലയമായ സി.ജെ.എം.എ.എച്ച്.എസ്.എസ്- ൽ എസ്.പി.സി അനുവദിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിക്കുന്നതിനും ഈ അദ്ധ്യയന വർഷം തന്നെ പ്രസ്തുത സ്കൂളിൽ എസ്.പി.സി. ആരംഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) | സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് അനുവദിക്കുന്നതിനുള്ള സി.ജെ.എം.എ.എച്ച്.എസ്. സ്കൂളിന്റേത് ഉൾപ്പെടെയുള്ള അപേക്ഷകൾ സ്റ്റുഡന്റ് പോലീസ് കേഡറ്റ് ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുള്ളതും ആയതിന്മേൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. |
| (സി) | സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ കൂടി എസ്.പി.സി. അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകുന്ന കാര്യം ആലോചിക്കുന്നുണ്ടോ ? | (സി) | സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ പുതുതായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി അനുവദിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ